REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 24-11-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- മഹാരാഷ്ട്രയിലെ BJP യുടെ വിജയം സദ്ഭരണത്തിനും, വികസനത്തിനും ലഭിച്ച അംഗീകാരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- LDF ഗവൺമെന്റിന്റെ ജനപിന്തുണയും അംഗീകാരവും കൂടുതൽ ദൃഢമാക്കുന്നതാണ് നിയമസഭാ ഉപതെരഞ്ഞെടുപ്പ് ഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പാർലമെന്റ് ശീതകാല സമ്മേളനം നാളെ ആരംഭിക്കും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് വിളിച്ച സർവ്വകക്ഷിയോഗം ഇന്ന്.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും.
- ഇന്ത്യ- ഓസ്ട്രേലിയ ക്രിക്കറ്റ് ടെസ്റ്റിൽ വിക്കറ്റ് പോവാതെ 172 റൺസ് എന്ന നിലയിൽ ഇന്ത്യ ഇന്ന് രണ്ടാം ഇന്നിംഗ്സ് പുനഃരാരംഭിക്കും.

## വാർത്തകൾ വിശദമായി

മഹാരാഷ്ട്രയിലെ BJP യുടെ വിജയം സദ്ഭരണത്തിനും, വികസനത്തിനും ലഭിച്ച അംഗീകാരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ജനവിരുദ്ധ രാഷ്ട്രീയത്തിന് ലഭിച്ച തിരിച്ചടിയാണ് തിരഞ്ഞെടുപ്പ് ഫലമെന്നും ന്യൂഡൽഹിയിൽ പാർട്ടി ആസ്ഥാനത്ത് പ്രവർത്തകരെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ഡെസ്ക്ക് റിപ്പോർട്ട്

**.....(വോയ്സ്)..........**

**തുടർച്ചയായി മൂന്നാം തവണയാണ് മഹാരാഷ്ട്രയിൽ ഏറ്റവും വലിയ പാർട്ടിയായി BJP മാറിയത്. ഉപതിരഞ്ഞെടുപ്പ് നടന്ന സംസ്ഥാനങ്ങളിലെ ഫലവും ജനങ്ങൾ BJP യിലർപ്പിച്ച വിശ്വാസമാണ് പ്രകടമാക്കിയതെന്ന് പ്രധാനമന്ത്രി വിലയിരുത്തി. പുതിയ ഇന്ത്യ പുരോഗതിയും, വിശ്വസനീയ ഭരണവും ആവശ്യപ്പെടുന്നു എന്നതിന് തെളിവാണ് BJP ക്ക് ലഭിച്ച പിന്തുണയെന്നും നരേന്ദ്രമോദി പറഞ്ഞു.**

**കോൺഗ്രസിന്റെ മുഴുവൻ ശ്രദ്ധയും ഒരു കുടുംബത്തിനു മേലാണെന്നും, പൗരന്മാരേക്കാൾ കുടുംബത്തിന് പരിഗണന നൽകുന്ന ഒരു കക്ഷി ജനാധിപത്യത്തിന് വെല്ലുവിളിയാണെന്നും അദ്ദേഹം ആരോപിച്ചു. പ്രീണനലക്ഷ്യത്തോടെയാണ് കോൺഗ്രസ് നിയമങ്ങളുണ്ടാക്കുന്നത്. ഇതിന് തെളിവാണ് വഖഫ് ബോർഡ്. വഖഫ് നിയമങ്ങൾക്ക് ഭരണഘടനയിൽ സ്ഥാനമില്ലാഞ്ഞിട്ടും, വോട്ടു ബാങ്ക് രാഷ്ട്രീയത്തിനു വേണ്ടി കോൺഗ്രസ് അത്തരം നിയമങ്ങൾ കൊണ്ടുവരികയായിരുന്നു. 2014 ൽ കോൺഗ്രസ് ഭരണം അവസാനിക്കുന്നതിനു മുമ്പ് ഡൽഹിയിലെ നിരവധി സ്വത്തുവകകൾ വഖഫ് ബോർഡിന് കൈമാറിയതായും പ്രധാനമന്ത്രി കുറ്റപ്പെടുത്തി.**

✪✪✪

**മഹാരാഷ്ട്രയിലെ നിയമസഭാ തിരഞ്ഞെടുപ്പു ഫലം ജനങ്ങളുടെ പ്രതീക്ഷയ്ക്കും വികാരങ്ങൾക്കും വിരുദ്ധമാണെന്ന് സംസ്ഥാനത്തിന്റെ ചുമതല വഹിക്കുന്ന AICC ജനറൽ സെക്രട്ടറി രമേശ് ചെന്നിത്തല പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടി അഞ്ചു മാസത്തിനകം ഇത്തരമൊരു ജനവിധിയുണ്ടായത് അസംഭവ്യമാണെന്ന് ചെന്നിത്തല വിലയിരുത്തി.**

**ശിവസേന UBT നേതാവ് ഉദ്ധവ് താക്കറെയും നിയമസഭാ തിരഞ്ഞെടുപ്പു ഫലത്തിൽ അവിശ്വാസം പ്രകടിപ്പിച്ചു.**

✪✪✪

**ജാർഖണ്ഡിൽ ഗവൺമെന്റ് രൂപീകരണ ശ്രമങ്ങൾ ഇന്ന് തുടങ്ങും. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കാൻ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ വസതിയിൽ പുതിയ MLA മാരുടെ യോഗം ചേരും. ഹേമന്ത് സോറനെ വീണ്ടും നേതാവായി തിരഞ്ഞെടുക്കാനാണ് സാധ്യതയെന്ന് റിപ്പോർട്ടുകൾ പറയുന്നു.**

✪✪✪

**LDF ഗവൺമെന്റിന്റെ ജനപിന്തുണയും അംഗീകാരവും കൂടുതൽ ദൃഢമാക്കുന്നതാണ് നിയമസഭാ ഉപതെരഞ്ഞെടുപ്പ് ഫലമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. സംഘടിത കുപ്രചാരണങ്ങളെയും,**

കടന്നാക്രമണങ്ങളെയും മുഖവിലയ്ക്കെടുക്കാതെയാണ് ജനങ്ങൾ ചേലക്കരയിൽ ഇടതു സ്ഥാനാർത്ഥിക്ക് തിളങ്ങുന്ന വിജയം നൽകിയതെന്ന് അദ്ദേഹം വിലയിരുത്തി. വർഗീയ ശക്തികളെ കൂട്ടുപിടിച്ച് പാലക്കാട് നിലനിർത്താൻ UDF ന് കഴിഞ്ഞെങ്കിലും, മുൻ തെരഞ്ഞെടുപ്പിനേക്കാൾ കൂടുതൽ വോട്ടർമാർ LDF നൊപ്പമായിരുന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

ചില താൽക്കാലിക നേട്ടങ്ങൾ ഉണ്ടാക്കുന്നതൊഴിച്ച് BJP-ക്ക് കേരളത്തിൽ ശാശ്വത ചലനം ഉണ്ടാക്കാൻ സാധിക്കില്ല എന്നാണ് തെരഞ്ഞെടുപ്പു ഫലം വ്യക്തമാക്കുന്നതന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് ഭരണ വിരുദ്ധ തരംഗമാണെന്ന UDF ന്റെയും BJP യുടെയും പ്രചാരവേലയെ ജനങ്ങൾ തകർത്തെറിഞ്ഞെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം തിരുവനന്തപുരത്ത് പറഞ്ഞു. ചേലക്കരയിലെ വിജയവും, പാലക്കാട്ടെ ഇടതു വോട്ടുവിഹിതം വർദ്ധിച്ചതും LDF ന്റെ അടിത്തറ ശക്തിപ്പെട്ടു എന്നതിന് തെളിവാണെന്നും അദ്ദേഹം വിലയിരുത്തി. BJP വോട്ടുചോർച്ചയും, വർഗ്ഗീയ ശക്തികളുടെ പിൻബലവുമാണ് പാലക്കാട്ട് UDF നെ രക്ഷിച്ചതെന്ന് ബിനോയ് വിശ്വം പറഞ്ഞു.

✪✪✪

കേരളത്തിലെ ഉപതിരഞ്ഞെടുപ്പുകളിൽ അത്ഭുതങ്ങളോ അട്ടിമറികളോ സംഭവിച്ചില്ലെന്നും ജനങ്ങൾ പ്രതീക്ഷിച്ച ഫലമാണ് ഉണ്ടായതെന്നും SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. പോളിംഗ് കുറഞ്ഞിട്ടും വയനാടും പാലക്കാടും UDF ന് കഴിഞ്ഞ തവണത്തേക്കാൾ കൂടുതൽ വോട്ടും ഭൂരിപക്ഷവും കിട്ടിയതിൽ അവർക്ക് അഭിമാനിക്കാമെന്നും വെള്ളാപ്പള്ളി ആലപ്പുഴയിൽ പറഞ്ഞു.

✪✪✪

വയനാട് പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഉജ്ജ്വല വിജയം നേടിയ പ്രിയങ്കാഗാന്ധിയെയും, വയനാട്ടിലെ ജനങ്ങളെയും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അഭിനന്ദിച്ചു. വയനാടിനെ പുരോഗതിയുടെയും സമൃദ്ധിയുടെയും വിളക്കുമാടമാക്കി മാറ്റാൻ പ്രിയങ്ക അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഉറപ്പാണെന്നും രാഹുൽ ഗാന്ധി എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

പാർലമെന്റ് ശീതകാല സമ്മേളനം നാളെ ആരംഭിക്കും. വഖഫ് ബില്ലും, ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ് നിർദ്ദേശവും അടക്കം സുപ്രധാന വിഷയങ്ങൾ സമ്മേളനകാലത്ത് ചർച്ചയ്ക്ക് വരും. ഡിസംബർ 20 വരെയാണ് പാർലമെന്റ് സമ്മേളിക്കുന്നത്. സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ

മന്ത്രി രാജ്നാഥ് സിംഗിന്റെ അധ്യക്ഷതയിൽ ഇന്ന് സർവ്വകക്ഷിയോഗം ചേരും. പാർലമെന്റിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രതിപക്ഷത്തിന്റെ സഹകരണം തേടിയാണ് സർവ്വകക്ഷിയോഗം വിളിച്ചത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ മൻ കി ബാത് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും പ്രക്ഷേപണം ചെയ്യും. മൻ കി ബാതിന്റെ 116-ാം എപ്പിസോഡാണിത്. ആകാശവാണി- ദൂരദർശൻ ശൃംഖലയിലും, AIR NEWS വെബ്സൈറ്റിലും, News on Air മൊബൈൽ ആപ്പിലും പരിപാടി കേൾക്കാം. Air News, DD News, പ്രധാനമന്ത്രിയുടെ ഓഫീസ് I & B മന്ത്രാലയം എന്നിവയുടെ യു ട്യൂബ് ചാനലുകളിലും പരിപാടി ലഭ്യമാണ്. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിനു ശേഷം പ്രാദേശിക ഭാഷകളിൽ പരിഭാഷയും പ്രക്ഷേപണം ചെയ്യും.

✪✪✪

അന്തരിച്ച സാഹിത്യകാരനും നാടകകൃത്തും സാംസ്കാരിക പ്രമുഖനുമായ ഓംചേരി NN പിള്ളക്ക് ഇന്ന് ഡൽഹി ആദരമർപ്പിക്കും. രാവിലെ മുതൽ ഉച്ച കഴിഞ്ഞ് രണ്ടു വരെ മൃതദേഹം ഡൽഹി ട്രാവൻകൂർ പാലസിൽ പൊതു ദർശനത്തിനുവെക്കും. ഉച്ചകഴിഞ്ഞ് മൂന്നിന് ലോധി റോഡ് ശ്മശാനത്തിലാണ് സംസ്കാരം.

✪✪✪

സ്കൂൾ കലോത്സവങ്ങളിലെ മത്സരം കുട്ടികൾ തമ്മിലായിരിക്കണമെന്നും, രക്ഷിതാക്കളും അധ്യാപകരും അതിൽ പങ്കാളികളാകുന്ന അനാരോഗ്യ പ്രവണത ഒഴിവാക്കണമെന്നും നിയമസഭാ സ്പീക്കർ A.N ഷംസീർ പറഞ്ഞു. പയ്യന്നൂരിൽ കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു സ്പീക്കർ.

980 പോയിന്റുമായി കണ്ണൂർ നോർത്ത് ഉപജില്ലയ്ക്കാണ് കലോത്സവത്തിൽ ഒന്നാം സ്ഥാനം. പയ്യന്നൂരും, ഇരിട്ടിയും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

✪✪✪

കോഴിക്കോട് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിൽ ആതിഥേയരായ കോഴിക്കോട് സിറ്റി ഓവറോൾ ചാമ്പ്യൻമാരായി. ചേവായൂർ ഉപജില്ലയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ചൊവ്വാഴ്ച ആരംഭിക്കുന്ന ഇടുക്കി റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. വെള്ളിയാഴ്ച വരെ കഞ്ഞിക്കുഴി നങ്കിസിറ്റി

ശ്രീനാരായണ ഹയർസെക്കൻഡറി സ്കൂളിലാണ് കലോത്സവം. മന്ത്രി റോഷി അഗസ്റ്റിൻ കലോത്സവം ഉദ്ഘാടനം ചെയ്യും. മത്സരങ്ങൾ 27-ന് ആരംഭിക്കും. പത്ത് വേദികളിലായി ഏഴ് സബ് ജില്ലകളിലെ 4,500 ഓളം കുട്ടികൾ പങ്കെടുക്കും.

✪✪✪

പെർത്തിൽ ബോർഡർ ഗാവസ്കർ ക്രിക്കറ്റ് ടെസ്റ്റിൽ വിക്കറ്റ് പോവാതെ 172 റൺസ് എന്ന നിലയിൽ ഇന്ത്യ മൂന്നാം ദിവസമായ ഇന്ന് ഇന്നിംഗ്സ് പുനഃരാരംഭിക്കും. ഇന്ത്യൻ സമയം രാവിലെ 7-50 ന് മത്സരം ആരംഭിക്കും. 90 റൺസെടുത്ത് യശസ്വി ജയ്സ്വാളും, 62 റൺസെടുത്ത് KL രാഹുലുമാണ് ക്രീസിൽ. ഇന്നലെ ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 104 റൺസിന് എല്ലാവരും പുറത്തായിരുന്നു.

✪✪✪

IPL 2025 സീസണിലെ താര ലേലം ഇന്നും നാളെയും ജിദ്ദയിൽ നടക്കും. 1,165 ഇന്ത്യക്കാരും 409 വിദേശികളുമായി ആകെ 1,574 ക്രിക്കറ്റ് താരങ്ങളാണ് ഇത്തവണ ലേലത്തിൽ പങ്കെടുക്കുന്നത്.

✪✪✪

ദേശീയ കയാക്കിങ് ചാമ്പ്യൻഷിപ്പ്-കണ്ണൂർ കയാക്കത്തോൺ 2024 - അൽപ സമയത്തിനകം കണ്ണൂർ പറശ്ശിനിക്കടവിൽ ആരംഭിക്കും.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)............

✪✪✪

സന്തോഷ് ട്രോഫി യോഗ്യത മത്സരത്തിൽ കോഴിക്കോട്ട്, കേരളം ഇന്ന് പുതുച്ചേരിയെ നേരിടും. വൈകിട്ട് മൂന്നരയ്ക്ക് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം. രണ്ട് ജയവുമായി ഗ്രൂപ്പിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്ന കേരളത്തിന് സമനില നേടിയാലും യോഗ്യത ലഭിക്കും. രാവിലെ ആദ്യ മത്സരത്തിൽ റെയിൽവേ ലക്ഷദ്വീപിനെ നേരിടും.

✪✪✪

കണ്ണൂരിൽ ഉത്തര മേഖല പ്രിസൺ മീറ്റിൽ കണ്ണൂർ ജില്ല ഓവറോൾ ചാമ്പ്യൻമാരായി. സമാപന സമ്മേളനം KV സുമേഷ് MLA ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന ചലച്ചിത്ര അക്കാദമി ഡിസംബറിൽ സംഘടിപ്പിക്കുന്ന 29-ാമത് കേരള അന്താരാഷ്ട്ര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ നാളെ

ആരംഭിക്കും. ഡിസംബർ 13 മുതൽ 20 വരെ തിരുവനന്തപുരത്താണ് ചലച്ചിത്രോത്സവം. registration.iffk.in എന്ന ലിങ്കിലൂടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

✪✪✪

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി അംഗങ്ങളായ തൊഴിലാളികളുടെ, പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന കുട്ടികൾക്ക് , സൗജന്യ ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്ക് നാളെ തുടക്കമാകും. സംസ്ഥാനതല ചടങ്ങ് തിരുവനന്തപുരത്ത് മന്ത്രി V. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. അയ്യങ്കാളി ഹാളിൽ വൈകിട്ടാണ് പരിപാടി.

✪✪✪

സഹകരണ ബാങ്കുകളുടെ പ്രവർത്തന മികവിന് കേരള ബാങ്ക് ഏർപ്പെടുത്തിയ എക്സലൻസ് അവാർഡിന് ഏറാമല സർവ്വീസ് സഹകരണ ബാങ്ക് രണ്ടാം തവണയും അർഹമായി. നാളെ കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരം സമ്മാനിക്കും.

✪✪✪